

## പല്ലവി

എൻ പ്രയ രക്ഷകനെ നിന്നെ കാണ്മാൻ
വാഞ്ഛയാൽ കാത്തിടുന്നു

## അനുപല്ലവി

ഹാ എന്റെ പ്രിയന്റെ പ്രേമത്തെ ഓർക്കുമ്പോൾ
ഹാ എനിക്കാനന്ദം തിങ്ങുന്ന മാനസം

## ചരണങ്ങൾ

താതൻ വലഭാഗത്തിലെനിക്കായി
രാജ്യമൊരുക്കീടുവാൻ
നീ പോയിട്ടെത്ര നാളായി ആശയോടു
കാത്തു ഞാൻ പാർത്തിടുന്നു
എന്നെ നിന്നിമ്പമാം രാജ്യത്തിൽ ചേർക്കുവാൻ
എന്നു നീ വന്നിടും എന്നാശ തീർത്തീടും (എൻ)

വാട്ടം മാലിന്യമില്ലാത്തവകാശം
പ്രാപിപ്പാൻ തൻ സഭയെ
വാനിലെടുത്തീടുവാൻ
തന്നോടുകൂടൊന്നിച്ചിരുത്തീടുവാൻ
വേഗം നീ വന്നീടമെന്നുരചെയ്തിട്ടു
താമസമെന്തഹോ ആനന്ദവല്ലഭാ- (എൻ)



ഞാൻ നിന്നെ ധ്യാനിക്കുമ്പോൾ മനോഹരം
എങ്ങിനെ വർണിച്ചീടാം
വെണ്മയോടു ചുവപ്പും കലർന്നുള്ള
ലക്ഷണങ്ങളിലുത്തമൻ
നീ മഹാ സുന്ദരൻ ആഗ്രഹിക്കത്തക്കോൻ
നീ മതിയേ എനിക്കെന്നേക്കും നിശ്ചയം- (എൻ)

പ്രേമം നിന്നോടധികം തോന്നുമാറെൻ
നാവു രുചിച്ചീടുന്നെ
നാമമതിമധുരം തേൻ കട്ടയേ-ക്കാളുമതി മധുരം
നീ എന്റെ രക്ഷകൻ വീണ്ടെടുത്തോനെന്നെ
നീ എനിക്കുള്ളവൻ ഞാൻ നിനക്കുള്ളവൻ- (എൻ)



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me